മനസ്സിലാക്കാൻ കഴിഞ്ഞത്. അതുകൊണ്ട് പുനരധിവാസം പ്രായോഗികമല്ല. അലഞ്ഞ് തിരിയുന്ന കുട്ടികൾക്കു വേണ്ടി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ബാലസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ബാലവേല നിയന്ത്രിക്കുന്നതിന് കേരള ചൈൽഡ് ലേബർ (റിലീസ്, റീഹാബിലിറ്റേഷൻ ആന്റ് വെൽഫെയർ) ഓർഡിനൻസ് 2001 സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

സംയോജിത ശിശു വികസന പദ്ധതി പ്രവർത്തനം

29 (*119) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സംയോജിത ശിശുവികസന പദ്ധതിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ നാളിതുവരെ പ്രസ്തുത മേഖലയിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചെന്ന് വ്യക്തമാക്കുമോ ;

(ബി) സംയോജിത ശിശുവികസന പദ്ധതിയുടെ മൂന്നാം ഘട്ടം പൂർത്തീകരിച്ചുവോ ;

(സി) സംയോജിത ശിശുവികസന പദ്ധതിയുടെ മൂന്നാംഘട്ടത്തിന്റെ പൂർത്തീകരണത്തോടെ സംസ്ഥാനത്തെ അംഗൻവാടികളിൽ കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ സംസ്ഥാനത്തെ അംഗൻവാടികളിലെ വർക്കർമാർ, ഹെൽപ്പർമാർ എന്നീ തസ്തികകളിൽ എത്രപേർക്ക് വീതം തൊഴിൽ നൽകാനാകുമെന്ന് പറയാമോ ;

(ഇ) സംസ്ഥാനത്തൊട്ടാകെ സംയോജിത ശിശുവികസന പദ്ധതി വ്യാപിപ്പിക്കാൻ സർക്കാർ ഉദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) സംയോജിത ശിശുവികസന പദ്ധതിയിൽ ഉൾപ്പെടാതിരുന്ന വികസന ബ്ലോക്കുകളെ കൂടി പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) സംയോജിത ശിശുവികസന പദ്ധതിയുടെ മൂന്നാംഘട്ട പ്രോജക്ടുകൾ എവിടെയൊക്കെയാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ;

(എച്ച്) സംസ്ഥാനത്ത് അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമം മുൻനിർത്തിയും എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാനത്തെ ഐ.സി.ഡി.എസ്. പദ്ധതിയുടെ പ്രവർത്തനം പ്രോജക്ടുകളിൽ നിന്നും മാസാവസാനം ലഭ്യമാക്കുന്ന പ്രോഗ്രസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി വരുന്നുണ്ട്. ശിശുവികസന മേഖലയിൽ ഈ പദ്ധതിയുടെ പ്രവർത്തനം മൂലം കുട്ടികളുടെ മരണനിരക്ക് കുറയ്ക്കുന്നതിനും പ്രതിരോധ കുത്തിവയ്പുകളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനും കുട്ടികളുടെ പോഷണ നിലവാരം ഉയർത്തുന്നതിനും സ്കൂളിൽ പോകുന്ന കുട്ടികളുടെ കൊഴിച്ചിൽ കുറയ്ക്കുന്നതിനും സർവ്വോപരി അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ പോഷക നിലവാരവും, കുട്ടികളെ വളർത്തുന്നതിന് അമ്മമാരെ പ്രാപ്തരാക്കുന്നതിനുള്ള അറിവ് വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(ബി) സംയോജിത ശിശുവികസന പദ്ധതികളുടെ മൂന്നാംഘട്ടം പൂർത്തിയായി വരുന്നതേയുള്ളു.

(സി) ഐ.സി.ഡി.എസ്. പദ്ധതിയുടെ മൂന്നാം ഘട്ടം പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ 43 പുതിയ ഐ.സി.ഡി.എസ്. പ്രോജക്ടുകളിലായി അംഗൻവാടികളിൽ 6637 അംഗൻവാടി വർക്കർമാർക്കും 6637 അംഗൻവാടി ഹെൽപ്പർമാർക്കും തൊഴിൽ നൽകാൻ കഴിയും.

(ഡി) 6637 അംഗൻവാടി വർക്കർമാർക്കും 6637 അംഗൻവാടി ഹെൽപ്പർമാർക്കും.

(ഇ) സംയോജിത ശിശുവികസന പദ്ധതിയുടെ മൂന്നാംഘട്ടം പൂർത്തിയാകുന്നതോടു കൂടി ഈ പദ്ധതിയുടെ സേവനം സംസ്ഥാനത്തൊട്ടാകെ വ്യാപിക്കുന്നതാണ്. ഇതിന്റെ ഭാഗമായി 1999-2000-ൽ അനുവദിച്ച 20 പ്രോജക്ടുകളിൽ നീലേശ്വരം, വെള്ളനാട്, നെടുമങ്ങാട് എന്നീ പ്രോജക്ടുകൾ ഒഴികെ മറ്റ് എല്ലാ പ്രോജക്ടുകളും മുഴുവനായി പ്രവർത്തനക്ഷമമായിട്ടുണ്ട്. 2000-2001-ൽ ആരംഭിക്കുന്ന 23 പ്രോജക്ടുകളിൽ 11 പ്രോജക്ടുകളിലെ സെലക്ഷൻ ലിസ്റ്റ് അംഗീകരിച്ച് നിയമന നടപടികൾ നടന്നു വരുന്നു. ശേഷിക്കുന്ന പ്രോജക്ടുകളിലെ സെലക്ഷൻ നടപടികൾ പൂർത്തിയാക്കി ഉടൻതന്നെ നിയമനം നടത്തുന്നതാണ്.

(എഫ്) ഉണ്ട്. സംയോജിത ശിശുവികസന പദ്ധതിയിൽ ഉൾപ്പെടാതിരുന്ന 40 വികസന ബ്ലോക്കുകളും മൂന്നു നഗര പ്രദേശങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളും ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു.

(ജി) സംയോജിത ശിശുവികസന പദ്ധതിയുടെ മൂന്നാംഘട്ടം പ്രോജക്ടുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(എച്ച്) സംസ്ഥാനത്തെ അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ലോകബാങ്ക് സഹായത്തോടെ പ്രവർത്തനക്ഷമമാകുന്ന അംഗൻവാടികളിൽ 3200 അംഗൻവാടികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഉൾപ്പെടെ

†അനുബന്ധം -IV

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിടവും 800 അംഗൻവാടികൾക്ക് കുടിവെള്ള സൗകര്യവും ലഭ്യമാക്കുന്നതിനു നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ അംഗൻവാടികൾക്കും കളിക്കോപ്പുകൾ, മെഡിസിൻ കിറ്റുകൾ, പ്രീ-സ്കൂൾ വിദ്യാഭ്യാസം നടത്തുന്നതിന് ആവശ്യമായ സാധനസമഗ്രികൾ തുടങ്ങിയവ നൽകുന്നതിനു നടപടികൾ കൈക്കൊണ്ടു വരുന്നു. അംഗൻവാടി വർക്കറുടെയും ഹെൽപ്പറുടെയും ക്ഷേമം മുൻനിറുത്തി അവരുടെ ഓണറേറിയത്തിൽ കേന്ദ്രസർക്കാരിന്റെ വിഹിതത്തിന് ഉപരിയായി ഇരുന്നൂറ് രൂപ ക്രമത്തിൽ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പ്രതിമാസം സംസ്ഥാന സർക്കാരിന്റെ വിഹിതമായി നൽകി വരുന്നു. കൂടാതെ ഇവർക്ക് സർക്കാർ ജീവനക്കാരെപ്പോലെ 20 ദിവസത്തെ കാഷ്വൽ അവധി, വിദേശത്ത് ജോലിനോക്കുന്നതിനു മൂന്ന് വർഷത്തെ വേതനം ഇല്ലാത്ത അവധി. ശമ്പളത്തോടുകൂടി 90 ദിവസത്തെ പ്രസവ അവധി (2 പ്രസവത്തിന് മാത്രം) 42 ദിവസത്തെ ശമ്പളത്തോടുകൂടി അബോർഷൻ ലീവ് (ഒരു പ്രാവശ്യം) എന്നിവ നൽകി വരുന്നു. ഇതിനു പുറമേ ഇവർക്കു ഉത്സവബത്ത ഓണം അഡ്വാൻസ്, യാത്രബത്ത, സമാശ്വാസതൊഴിൽദാനപദ്ധതി, വെൽഫയർ ഫണ്ട് തുടങ്ങിയവയും പ്രാബല്യത്തിലുണ്ട്.

കൈത്തറി വ്യവസായത്തിന് കൂടുതൽ ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി

30 (*120) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായമായ കയർ മേഖലയ്ക്ക് അനുവദിക്കുന്ന എല്ലാ ആനുകൂല്യങ്ങളും പരമ്പരാഗത വ്യവസായമായ കൈത്തറിക്ക് അനുവദിക്കുമോ ;

(ബി) ലക്ഷക്കണക്കിന് രൂപയുടെ തുണിത്തരങ്ങൾ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ വില്പനയില്ലാതെ കെട്ടിക്കിടക്കുമ്പോൾ ഹാൻടെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് തുണിത്തരങ്ങൾ വാങ്ങി കേരളത്തിൽ വിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കൈത്തറി വ്യവസായത്തിന്റെ നിലനില്പിനെ തകർക്കുന്ന ഇത്തരം നടപടി തുടരാതിരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കയർ മേഖലയ്ക്ക് അനുവദിച്ചിട്ടുള്ള പലിശ, സബ്സിഡി തുടങ്ങിയ ആനുകൂല്യങ്ങൾ കൈത്തറി മേഖലയ്ക്ക് അനുവദിക്കണമോ എന്നകാര്യം സർക്കാർ പരിശോധിച്ചു കൊണ്ടിരിക്കയാണ്.

(ബി) കേരളത്തിൽ ഉല്പാദിക്കപ്പെടുന്ന കൈത്തറി വസ്ത്രങ്ങൾ വിറ്റഴിക്കപ്പെടുന്നതിന് കൂടുതൽ സഹായകരമാക്കുക എന്ന ഉദ്ദേശത്തോടെ,

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[26-2-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 29(119)-ന്റെ ഉത്തരം ദയവായി കാണുക]

WB assisted ICDS Phase III New Projects Yi - 20 Projects.

Sl.No.	Name of Projects	District	No.of AWCs
1.	Nedumangad	Thiruvananthapuram	147
2.	Karunagappally	Kollam	181
3.	Mallappally	Pathanamthitta	115
4.	Veliyanad	Alappuzha	90
5.	Ariyad	Alappuzha	111
6.	Kaduthuruthy	Kottayam	156
7.	Pallam	Kottayam	234
8.	Vahavoor	Kottayam	109
9.	Parakkadavu	Ernakulam	127
10.	Vazhakulam	Ernakulam	177
11.	Pampakkuda	Ernakulam	92
12.	Koovappady	Ernakulam	133
13.	Puzhakkal	Trissur	164
14.	Ollukkara	Trissur	225
15.	Malampuzha	Palakkad	167
16.	Chelannoor	Kozhikode	183
17.	Kunnummal	Kozhikode	175
18.	Panthalayani	Kozhikode	165
19.	Kozhikode(R)	Kozhikode	257
20.	Neeleswaram	Kasaragod	237

LIBRARY ARCHIVES Kerala Legislative Assembly

WB assisted ICDS Phase III Projects 23

Sl.No.	Name of Projects	District	No.of AWCs
1.	Vellanad	Thiruvananthapuram	207
2.	Parassala	,,	171
3.	Mukhathala	Kollam	254
4.	Kollam Punalur (U)	,,	186
5.	Koippuram	Pathanamthitta	122
6.	Ettumannoor	Kottayam	191
7.	Erattupetta	,,	98
8.	Uzhavoor	,,	144
9.	Alangad	Ernakulam	114
10.	Angamaly	,,	180
11.	Kothamangalam	,,	151
12.	Edappally	,,	87
13.	Moovattupuzha	,,	137
14.	Palluruthy	,,	58
15.	Cherpu	Trissur	181
16.	Kodungalloor	,,	94
17.	Kodakara	,,	196
18.	Mathilakam	,,	137
19.	Malappuram (U)	Malappuram	158
20.	Kozhikode (U-III)	Kozhikode	167
21.	Thodannoor	,,	119
22.	Thuneri	,,	126
23	Vadakara	,,	114

LIBRARY ARCHIVES Kerala Legislative Assembly